# വ്യവസായ കേരളം

59

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 FEBRUARY 2024





# കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്റർ

## ബഹു. മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ കിൻഫ്രയുടെ നേതൃത്വത്തിൽ 90 കോടി രൂപ ചെലവിൽ കൊച്ചി കാക്കനാട് നിർമിച്ച ഇന്റർനാഷനൽ എക്സിബിഷൻ സെന്റർ 2024 ഫെബ്രുവരി 4ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നാടിന് സമർപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ കേരളം രാജ്യത്തിനാകെ മാതൃകയാണ്. കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച സ്ഥാപനങ്ങളെ പോലും ഏറ്റെടുത്ത് മാതൃകാപരമായി പ്രവർത്തിപ്പിച്ചു വരികയാണ് കേരളമെന്ന് ബഹു. മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് ചടങ്ങിന് അധ്യക്ഷത വഹിച്ചു.

എക്സിബിഷനുകൾ, വ്യവസായിക പ്രമോഷനുകൾ, കരകൗശല വസ്തുക്കളുടെ പ്രദർശനം, വ്യാപാരമേളകൾ, കോൺഫറൻസുകൾ, ബിനാലെ, എക്സ്പോ തുടങ്ങിയവയ്ക്കുള്ള ലക്ഷ്യസ്ഥാനമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 90 കോടി രൂപ ചെലവിൽ 10 ഏക്കർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നത്. 55,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പ്രദർശന ഹാൾ, 4500 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആറ് മോഡ്യൂളുകൾ ആയി നിർമിച്ചിട്ടുള്ള എക്സിബിഷൻ സെന്റർ, ആധുനിക സെക്യൂരിറ്റി സംവിധാനങ്ങൾ കൂടാതെ വിശാലമായ പാർക്കിങ് എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

കിൻഫ്ര ഇന്റർനാഷനൽ എക്സിബിഷൻ സെന്റർ സംസ്ഥാനത്തെ വ്യവസായിക, കാർഷിക മേഖലയിലെ യൂണിറ്റുകൾക്ക് പ്രദർശനത്തിനുള്ള സൗകര്യമൊരുക്കുന്നതിലൂടെ ദേശീയതലത്തിലും ആഗോളതലത്തിലും പുതിയ വിപണികൾ കണ്ടെത്തി പുത്തൻ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

# വ്യവസായ സൗഹൃദ കേരള ബജറ്റ് 2024

കേരളത്തിന്റെ നിക്ഷേപ സൗഹൃദ നിലയേയും പരമ്പരാഗത - പൊതുമേഖലകളേയും ശക്തിപ്പെടുത്തുന്നതാണ് 2024-25 സാമ്പത്തിക വർഷത്തേ ക്കായുള്ള കേരള ബജറ്റ്. അതിവേഗം കുതിക്കുന്ന വ്യവസായമേഖലയ്ക്കായി 1729.13 കോടി രൂപയാണ് ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എൻ. ബാലഗോപാൽ അവതരിപ്പിച്ചിരിക്കുന്നത്.

വ്യവസായ മേഖലയ്ക്കായി
₹ 1729.13 കോടി




കിൻഫ്ര-യ്ക്ക്
₹324.31 കോടി

കെ.എസ്.ഐ.ഡി.സിക്ക്
₹127.5 കോടി

ഇടത്തരവും വലുതുമായ വ്യവസായങ്ങൾക്കായി
₹ 773.09 കോടി

വ്യവസായവും ധാതുക്കളും എന്ന മേഖലയ്ക്കായി
₹1729.13 കോടി

മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിക്കായി
₹17.06 കോടി

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനും പുനരുദ്ധാരണത്തിനുമായി
₹279.10 കോടി

വ്യവസായ പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി
₹17 കോടി,
25 പുതിയ സ്വകാര്യ വ്യവസായ പാർക്കുകൾ

കൈത്തറി - യന്ത്രത്തറി മേഖലയ്ക്കായി
₹51.89 കോടി

കയർ വ്യവസായ മേഖലയ്ക്കായി
₹107.64 കോടി

ഗ്രാമീണ ചെറുകിട വ്യവസായ പദ്ധതിക്കായി
₹215.64 കോടി

സംരംഭക സഹായ പദ്ധതിക്കായി
₹58.50 കോടി

PMFME പദ്ധതിക്ക് സംസ്ഥാന വിഹിതമായി
₹8 കോടി

കൊച്ചി - ബെംഗളൂരു വ്യവസായ ഇടനാഴിക്കായി
₹200 കോടി

MSME യൂണിറ്റുകൾക്ക്
₹18.02 കോടി,
പുതു സംരംഭങ്ങൾക്ക്
₹43 കോടി







# മെഷിനറി എക്സ്പോ 2024
# പ്രൗഢം, ഗഭീരം




സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച മെഷിനറി എക്സ്പോ 2024 ന് പ്രൗഢ ഗംഭീര ജനപങ്കാളിത്തം. എറണാകുളം കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിൽ 2024 ഫെബ്രുവരി 10 മുതൽ 13 വരെ സംഘടിപ്പിക്കപ്പെട്ട മെഷിനറി എക്സ്പോ ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ആയിരുന്നു ഉദ്ഘാടനം നിർവഹിച്ചത്.

"വ്യവസായ സംരംഭകർ കേരളത്തിന്റെ അംബാസഡർമാരാകണം. അതിനു യോജിച്ച മികച്ച വ്യാവസായിക അന്തരീക്ഷമാണ് കേരളത്തിൽ സംജാതമായിട്ടുള്ളത്. സംസ്ഥാന വ്യവസായ മേഖലയിൽ മറ്റിടങ്ങളിലെ പോലെ കലുഷിത പ്രശ്നങ്ങൾ ഉണ്ടായിട്ടില്ല". ഉദ്ഘാടന പ്രസംഗത്തിൽ ബഹു. മന്ത്രി പറഞ്ഞു. സ്ഥലപരിമിതി എന്ന യാഥാർഥ്യം കണക്കിലെടുക്കണമെന്നും എന്നാൽ വൈദഗ്ധ്യ നൈപുണ്യ മികവ് ആധാരമാക്കാനാകുന്ന വ്യവസായങ്ങൾ നടപ്പാക്കുന്നത് ലോകതലത്തിൽ കേരളത്തെ ശ്രദ്ധേയമാക്കുമെന്നും ഈ വർഷം ജൂലൈയിൽ കൊച്ചിയിൽ എഐ കോൺക്ലേവ് സംഘടിപ്പിക്കുമെന്നും ബഹു. മന്ത്രി കൂട്ടിച്ചേർത്തു.

ബഹു. എംഎൽഎ ശ്രീമതി ഉമ തോമസ് ചടങ്ങിൽ അധ്യക്ഷ സ്ഥാനം അലങ്കരിച്ചു. എക്സ്പോ ഡയറക്ടറിയുടെ ഓൺലൈൻ പ്രകാശനവും ബഹു. എംഎൽഎ നിർവ്വഹിച്ചു. വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്

**175 സ്റ്റാളുകളിലായി രാജ്യത്തെ നൂറിലേറെ പ്രമുഖ മെഷീൻ നിർമ്മാണ സ്ഥാപനങ്ങൾ പങ്കെടുത്തു.**

സ്വാഗതം ആശംസിച്ച ചടങ്ങിൽ തൃക്കാക്കര മുൻസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി രാധാമണി പിള്ള, കൗൺസിലർ ശ്രീ. എം. ഒ. വർഗീസ്, കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ്, എംഎസ്എംഇ - ഡിഎഫ്ഒ ജോയിന്റ് ഡയറക്ടർ ശ്രീ. ജി. എസ്. പ്രകാശ്, വ്യവസായ, വാണിജ്യ അഡീഷണൽ ഡയറക്ടർമാരായ ഡോ. കെ. എസ്. കൃപകുമാർ, ശ്രീ. ജി. രാജീവ്, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറും എക്സ്പോ സംഘാടക സമിതി ജനറൽ കൺവീനറുമായ ശ്രീ. പി.എ. നജീബ്, ഇൻഫോപാർക്ക് അഡ്മിനിസ്ട്രേഷൻ മാനേജർ ശ്രീ. റെജി കെ. തോമസ്, കെഎസ്എസ്ഐഎ സംസ്ഥാന പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ എന്നിവർ പങ്കെടുത്തു.

നാല് ദിവസങ്ങളിലായി സംഘടിപ്പിച്ച എക്സ്പോയുടെ സൗജന്യ പ്രദർശന സമയം രാവിലെ പത്തു മുതൽ വൈകിട്ട് ഏഴു വരെയായിരുന്നു. 175 സ്റ്റാളുകളിലായി രാജ്യത്തെ നൂറിലേറെ പ്രമുഖ മെഷീൻ നിർമ്മാണ സ്ഥാപനങ്ങൾ പങ്കെടുത്ത അതിനൂതന മെഷീനുകളുടെ പ്രദർശനവും ലൈവ് ഡെമോയും മെഷീനറി നിർമ്മാതാക്കളുമായി ആശയവിനിമയത്തിനുള്ള അവസരങ്ങളുമൊരുക്കിയിരുന്നു. ഹെവി മെഷീനറികൾക്കായി 5000 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ സജ്ജീകരിച്ച വേദിയിൽ പ്രദർശനം സെക്റ്റർ അടിസ്ഥാനത്തിലായിരുന്നു. മെഷീൻ ടൂളുകൾ, ഓട്ടോമേഷൻ ടെക്നോളജീസ്, സി.എൻ.സി മെഷീനുകളും സിസ്റ്റങ്ങളും, അഗ്രോ അധിഷ്ഠിത, അപ്പാരൽ, ഇലക്ട്രിക്കൽ - ഇലക്ട്രോണിക്സ്, ജനറൽ എഞ്ചിനീയറിങ് മെഷീനുകൾ, പാക്കേജിങ്, പ്രിന്റിംഗ് ആൻഡ് ത്രീഡി പ്രിന്റിംഗ്, പ്രോസസ്സിംഗ്, പാക്കേജിംഗ് മെഷീനറികൾ എന്നിവയിലെ പുതിയ ട്രെൻഡുകളും എക്സ്പോയിൽ ആകർഷകങ്ങളായിരുന്നു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.